JANAYUGOM 12.01.2018

# തൃശൂർ പുഷ്പോത്സവത്തിന് കാൽനാട്ടി

തൃശൂർ: അഗ്രിഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 40 ാമത് തൃശൂർ പുഷ്പോത്സവത്തിന്റെ കാൽനാട്ടുകർമ്മം നടന്നു. വടക്കുന്നാഥ ക്ഷേത്ര മൈതാനിയിൽ നെഹ്റുപാർക്കിന് സമീപം നടക്കുന്ന പുഷ്പോത്സവത്തിന്റെ കാൽനാട്ടുകർമ്മം തൃശൂർ അഗ്രിഹോർട്ടികൾച്ചർ സൊസൈറ്റി പ്രസിഡന്റ് കെ.രാധാകൃഷ്ണൻ, ജനറൽ കൺവീനർ രാമചന്ദ്രൻ പെരുമ്പിടി, ട്രഷറർ കെ.ജി.രാമചന്ദ്രൻ, വൈസ് പ്രസിഡന്റുമാരായ സെബി ഇരിമ്പൻ, വിനോദ് കുറുവത്ത്, കൺവീനർ മുഹമ്മദ് ബാബു, വടക്കുന്നാഥ ക്ഷേത്രം മാനേജർ കെ.കെ. രാജൻ തുടങ്ങിയവർ ചേർന്ന് നിർവഹിച്ചു. തൃശൂർ കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, കേരള കാർഷിക സർവകലാശാല, കൊച്ചിൻ ദേവസ്വം ബോർഡ് എന്നിവയുടെ സഹകരണത്തോടെ 20 മുതൽ 28 വരെയാണ് പുഷ്പഫലസസ്യ പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്.